06

ഫെബ്രുവരി 2023

തിങ്കൾ

1198 മകരം 23

# ചെത്തം

– ഇത് പുതിയങ്കത്തിന്റെ ശബ്ദം

ആലത്തൂർ

2 പേജ്

## രണ്ടാം ക്ലാസുകാർ പഠനയാത്ര നടത്തി



രണ്ടാം ക്ലാസിലെ വിദ്യാർത്ഥികൾ തൃശ്ശൂർ ജില്ലയിലെ പീച്ചിഡാം, മൃഗശാല, മ്യൂസിയം നെഹ്റു പാർക്ക് എന്നിവിടങ്ങളിലേക്ക് ജനുവരി 31 ചൊവ്വാഴ്ച്ച പഠനയാത്ര നടത്തി .മൂന്ന് അധ്യാപകരും 54 വിദ്യാർത്ഥികളും നാല് രക്ഷിതാക്കളും അധ്യാപക വിദ്യാർത്ഥികളും അടങ്ങുന്ന സംഘം രാവിലെ 8 മണിക്ക് സ്കൂളിൽ നിന്നും പുറപ്പെട്ട് വൈകുന്നേരം 6.30 ന് തിരിച്ചെത്തി.പഠനയാത്ര വിജ്ഞാനപ്രദവും ആനന്ദകരവുമായിരുന്നുവെന്ന് രക്ഷിതാക്കൾ അഭിപ്രായപ്പെട്ടു.

## സ്വയം മൂല്യനിർണയപരീക്ഷ ഫെബ്രുവരി 8 മുതൽ



ജനുവരി 30,31തിയ്യതികളിൽ നടത്താനിരുന്ന സ്വയം മൂല്യനിർണയപരീക്ഷകൾ ഫെബ്രുവരി 8 ,9തിയ്യതികളിലേക്ക് മാറ്റി വെച്ചതായി പരീക്ഷാവിഭാഗം അറിയിച്ചു.

## ഹരിതവിദ്യാലയം ടീം പുതിയങ്കത്തിലേക്ക്



ഹരിതവിദ്യാലയം റിയാലിറ്റി ഷോയുടെ ഫ്ലോർ ഷൂട്ടിന്റെ തുടർച്ചയായി വിദ്യാലയ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഫെബ്രുവരി 8ന് വിദ്യാലയം സന്ദർശിക്കുന്നു.പ്രാഥമിക റൗണ്ടിൽ മികച്ച പ്രകടനം കാഴ്ചവെച്ച പുതിയങ്കം ജി യു പി സ്കൂൾ 94മാർക്ക് നേടിയാണ് അടുത്ത റൗണ്ടിൽ പ്രവേശിച്ചത്.

## ചരിത്ര രചനയ്ക്കൊരുങ്ങി പുതിയങ്കം



ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി പുതിയങ്കം ജി യു പി സ്കൂളിലെ അധ്യാപകരും വിദ്യാർത്ഥികളും സ്കൂൾ ചരിത്രം രചിക്കുന്നതിന് ഒരുക്കങ്ങൾ തുടങ്ങി.അധ്യാപകരായ കെ.സുരേഷ് ബാബു, സിനി എ.ജെ, ആലീസ് സെബാസ്റ്റ്യൻ, ഉമ കെ.യു,സരസ്വതി പി എന്നിവരുടെ നേതൃത്വത്തിൽ 5,6,7 ക്ലാസുകളിലെ 18 കുട്ടികൾ അടങ്ങുന്ന സംഘത്തിന്റെ ആദ്യയോഗംഫെബ്രുവരി 1ന് നെല്ലിമരച്ചോട്ടിൽ നടന്നു. വിരമിച്ച അധ്യാപകരിൽ നിന്നും പൂർവ്വവിദ്യാർത്ഥികളിൽ നിന്നും സ്കൂൾ ചരിത്രം ശേഖരിക്കാൻ യോഗത്തിൽ തീരുമാനിച്ചു.

## പാർലമെന്റ് യോഗം ചേർന്നു.



പുതിയങ്കം ജി യു പി സ്കൂളിലെ ഏഴാം പാർലമെന്റ് യോഗം 03.02.2023 ന് ലൈബ്രറി ഹാളിൽ നടന്നു. എല്ലാ പാർലമെന്റ് അംഗങ്ങളും പങ്കെടുത്ത യോഗത്തിൽ സ്കൂൾ ഭരണഘടനാ ഭേദഗതി ബിൽ അവതരിപ്പിച്ചു.